**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2616** **17.10.2016 ൽ മറുപടിയ്ക്ക്**

**പൊതുഭരണ വകുപ്പിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ്/സി.എ. വിഭാഗങ്ങൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീ.പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | പൊതുഭരണ വകുപ്പിന്റെ 28.2.2011-ലെ GO(P)No. 65/2011/GAD എന്ന സ്പെഷ്യൽ റൂൾ ഭേദഗതിയിൽ ഏത് തീയതിയ്ക്ക് ശേഷം സർവ്വീസിൽ പ്രവേശിച്ച കമ്പ്യൂട്ടർ അസിസ്റ്റന്റ്/സി.എ. വിഭാഗങ്ങൾക്കാണ് തസ്തികമാറ്റത്തിനായി അസിസ്റ്റന്റിന്റെ എൻട്രി കേഡറിൽ 20% നീക്കിവെയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത്; | (എ) | 25.03.2006-ന് മുൻപ് സർവ്വീസിൽ പ്രവേശിച്ചതും 6 വർഷ സർവ്വീസ് പൂർത്തിയാക്കിയതുമായ ടൈപ്പിസ്റ്റ്/ സി.എ മാർക്കും 25.03.2006 നോ അതിനുശേഷമോ ടൈപ്പിസ്റ്റ്/ സി.എ ആയി സർവ്വീസിൽ പ്രവേശിച്ച് 4 വർഷം സേവനം പൂർത്തിയാക്കിയവർക്കും സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം അസിസ്റ്റന്റ് ആയി തസ്തികമാറ്റ നിയമനത്തിന് അർഹതയുണ്ട്. |
| (ബി) | അസിസ്റ്റന്റ്/സി.എ. വിഭാഗത്തിൽ 25.03.2006 ന് മുമ്പ് സർവ്വീസിൽ പ്രവേശിക്കുകയും, നിലവിൽ അസിസ്റ്റന്റ് ട്രെയിനിയായി ജോലി ചെയ്യുന്നവരെയും കൂടി ഉൾപ്പെടുത്തിയാണ് പ്രസ്തുത 20% തസ്തികമാറ്റം കണക്കാക്കേണ്ടതെന്ന് സ്പെഷ്യൽ റൂളിൽ എവിടെയെങ്കിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏത് ചട്ടപ്രകാരം എന്ന് വ്യക്തമാക്കാമോ; | (ബി)<br>&<br>(സി) | സ്പെഷ്യൽ റൂൾ പ്രകാരം വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ ടൈപ്പിസ്റ്റ് / സി.എ തസ്തികയിൽ നിന്നുള്ള തസ്തികമാറ്റം സംബന്ധിച്ച് 17.03.2007-ൽ പുറപ്പെടുവിച്ച സ.ഉ (പി) നം. 199/07/പൊഭവ ഉത്തരവിൽ 25.03.2006 ന് മുൻപ് സർവ്വീസിൽ പ്രവേശിച്ചതും 6 വർഷം പൂർത്തിയാക്കിയതുമായ ടൈപ്പിസ്റ്റ്/ സി.എ മാർക്ക് നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം അസിസ്റ്റന്റ് (എൻട്രി കേഡർ) തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം നൽകാവുന്നതാണെന്നും 25.03.2006-ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ടൈപ്പിസ്റ്റ്/ സി.എ മാരിൽ അവസാനത്തെ ആളും സെക്ഷൻ |

| | | | |
|---|---|---|---|
| (സി) | അസിസ്റ്റന്റ് ട്രെയിനി നിയമനം ചട്ടപ്രകാരം ഒരു തസ്തികമാറ്റ നിയമനമാണോ; വ്യക്തമാക്കാമോ; | | ഓഫീസർ ആകുന്നതുവരെ നിലവിലുള്ള സെക്ഷൻ ഓഫീസർ തസ്തികമാറ്റം നിയമനം തുടരാവുന്നതാണെന്നും 25.03.2006 നോ അതിന് ശേഷമോ ടൈപ്പിസ്റ്റ്/ സി.എ ആയി സർവ്വീസിൽ പ്രവേശിച്ചവർക്ക്, 4 വർഷം പൂർത്തിയാകുമ്പോൾ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം അസിസ്റ്റന്റ് എൻട്രി കേഡർ തസ്തികയുടെ 20% ഒഴിവുകളിൽ 2:1 അനുപാതത്തിൽ നിയമനം നൽകാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു. അസിസ്റ്റന്റ് ട്രെയിനി ആയി നിയമിതരാകുന്നവർ അസിസ്റ്റന്റ് കേഡർ തസ്തികയിൽ ഒഴിവുള്ളിടത്താണ് നിയമിക്കപ്പെടുന്നത്. അതായത് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകളാണ് ഇവരുടെ നിയമനം വഴി നികത്തപ്പെടുന്നത്. ഈ സാഹചര്യത്തിൽ തസ്തികമാറ്റം വഴി അസിസ്റ്റന്റ് കേഡറിലേക്ക് മാറുന്ന ജീവനക്കാരുടെ എണ്ണം കണക്കാക്കുമ്പോൾ അസിസ്റ്റന്റ് ട്രെയിനി തസ്തികയും കണക്കിലെടുക്കേണ്ടതുണ്ട്. |
| (ഡി) | പൊതുഭരണ വകുപ്പിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് വിഭാഗത്തിൽ നിന്ന് അസിസ്റ്റന്റ് ട്രെയിനിയായി നിലവിൽ ജോലി ചെയ്യുന്നവർ ആരൊക്കെയാണെന്നും, ഇവർ സർവ്വീസിൽ പ്രവേശിച്ചത് എന്നാണെന്നും, ഏത് ഗ്രേഡിൽ (ഗ്രേഡ് II, ഗ്രേഡ് I, സീനിയർ ഗ്രേഡ്, സെലക്ഷൻ ഗ്രേഡ്) ജോലി ചെയ്യുമ്പോഴാണ് ഇവർക്ക് അസിസ്റ്റന്റ് ട്രെയിനിയായി നിയമനം ലഭിച്ചതെന്നും വ്യക്തമാക്കാമോ? | (ഡി) | സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റ് ട്രെയിനിമാരായി നിയമിതരായി നിലവിൽ ജോലിചെയ്തുവരുന്നവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.<br><br>1. ബിന്ദുമോൾ കെ.എൻ. 28.02.1997.<br>2. വി.എസ്.വാസുദേവ് 21.02.1997<br>3. ശ്രീലത വി.എസ്. 26.03.1997<br>4. ജ്യോതി എ.ജെ. 26.03.1997<br>5. ബിജി സി.എൻ. 23.06.1997<br>6. കൃഷ്ണകുമാരി കെ.വി. 23.06.1997<br>7. ആന്റണി കെ.എ. 21.08.1997 |

Rasmi A.R.

**സെക്ഷൻ ആഫീസർ**